പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 259

02.4.2013- ൽ
മറുപടിക്ക്

## കയർ സഹകരണ സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ

| ചോദ്യം<br><br>ശ്രീ. എ. കെ. ശശീന്ദ്രൻ | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ)കയർ സഹകരണ സംഘങ്ങളിൽ ഉത്പാദിപ്പിക്കുന്ന കയറുകൾ, കയർ ഉൽപ്പന്നങ്ങൾ എന്നിവ വില്പന നടത്താതെ കയർഫെഡ് ഗോഡൌണു-കളിൽ കെട്ടിക്കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)ഇതുമൂലം തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനോ ഉത്പാദനം മെച്ചപ്പെടുത്തുന്നതിനോ സംഘങ്ങൾക്ക് സാധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം സംഘ-ങ്ങൾക്ക് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി)കോഴിക്കോട് ജില്ലയിലെ കയർഫെഡ് ഗോഡൌണുകളിൽ കെട്ടിക്കിടക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും അടിയന്തിരമായി വിപണനം നടത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) കോഴിക്കോട് ജില്ലയിൽ നിന്ന് ഇൻകം സപ്പോർട്ട് സ്കീം പ്രകാരം വാങ്ങിയ കയർ ഉൽപ്പന്നങ്ങൾ 30% ത്തിൽപ്പരം ഡിസ്കൌണ്ട് നൽകി വിൽപ്പന നടത്തി വരികയാണ്. കൂടാതെ ടി മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന ബേപ്പൂർ കയർ ഉപയോഗിച്ച് ജിയോ ടെക്സ്റ്റയിൽസും ഉണ്ടാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിറ്റഴിച്ച് സംഭരണം ത്വരിതപ്പെടുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ